**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5138** **04-07-2024 - ൽ മറുപടിയ്ക്ക്**

**പ്രൊവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലാളികൾക്ക് പ്രൊവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ ലഭിക്കാത്തത് പരിഹരിക്കുന്നതിന് ഇ.പി.എഫ്.ഒ. കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നില്ലയെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് തൊഴിലാളികൾക്ക് പ്രൊവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ ലഭിക്കാത്തത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ, കേന്ദ്രസർക്കാരിന്റെ തൊഴിൽ മന്ത്രാലയത്തിനു കീഴിലുള്ള എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷന് കൈമാറുകയാണ് ചെയ്യുന്നത്.<br>എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ നടപ്പാക്കുന്ന എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീം, 1952, എംപ്ലോയീസ് പെൻഷൻ സ്കീം, 1995, എംപ്ലോയീസ് ഡെപ്പോസിറ്റ് ലിങ്ക്ഡ് ഇൻഷ്വറൻസ് സ്കീം, 1976 എന്നീ പദ്ധതികൾ വഴി രജിസ്റ്റർ ചെയ്തിരിക്കുന്ന സ്ഥാപനങ്ങളിലെ അംഗങ്ങൾക്കും ഗുണഭോക്താക്കൾക്കും യഥാസമയം പി.എഫ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, തൊഴിലാളികളുടെ പി.എഫ്. വിഹിതം ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന തൊഴിലുടമകളെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിനുള്ള വിവിധ നിയമങ്ങളും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്ടിൽ നിഷ്കർഷിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ തൊഴിലാളികൾക്ക് അനുകൂലമായി തീരുമാനങ്ങൾ എടുക്കുന്നതിന് എന്തെങ്കിലും ഇടപെടൽ നടത്തുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്ത് തൊഴിലാളികൾക്ക് പ്രൊവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ ലഭിക്കാത്തത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ, കേന്ദ്രസർക്കാരിന്റെ തൊഴിൽ മന്ത്രാലയത്തിനു കീഴിലുള്ള എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷന് കൈമാറുകയാണ് ചെയ്യുന്നത്.<br>എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ നടപ്പാക്കുന്ന എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീം, 1952, എംപ്ലോയീസ് പെൻഷൻ സ്കീം, 1995, എംപ്ലോയീസ് ഡെപ്പോസിറ്റ് ലിങ്ക്ഡ് ഇൻഷ്വറൻസ് സ്കീം, 1976 എന്നീ പദ്ധതികൾ വഴി രജിസ്റ്റർ ചെയ്തിരിക്കുന്ന സ്ഥാപനങ്ങളിലെ അംഗങ്ങൾക്കും ഗുണഭോക്താക്കൾക്കും യഥാസമയം പി.എഫ് |

| | | | |
|---|---|---|---|
| | | | ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, തൊഴിലാളികളുടെ പി.എഫ്. വിഹിതം ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന തൊഴിലുടമകളെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിനുള്ള വിവിധ നിയമങ്ങളും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്ടിൽ നിഷ്കർഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ